6411
26/3/18

**കേരള സർക്കാർ**
**സംഗ്രഹം**

കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിലെ വിരമിച്ച ജീവനക്കാരുടെ പെൻഷൻ പരിഷ്കരിക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-ബി) വകുപ്പ്**

**സ.ഉ (അച്ചടി) നം. 48/18/ധന തിരുവനന്തപുരം, തീയതി 2018 മാർച്ച് 23**

---

**പരാമർശം :** 1) 25.02.2014 തീയതിയിലെ സ.ഉ(എം.എസ്) നം. 16/2014/സാ.നീ.വ

2) 20/01/2016 തീയതിയിലെ സ.ഉ(അച്ചടി)നം. 09/2016/ധന

3) 02 .02.2016 ലെ കെ എസ് ഡബ്ല്യു ബി 1 / എസ്റ്റാ/ പെൻ. റെവ / 2015-16/ 691 നമ്പർ കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ് സെക്രട്ടറിയുടെ കത്ത്.

**<u>ഉത്തരവ്</u>**

കേരള സാമൂഹിക ക്ഷേമ ബോർഡിലെ ജീവനക്കാർക്കും വിരമിച്ച ജീവനക്കാർക്കും പെൻഷൻ നല്കുന്നതിനുള്ള സാമ്പത്തിക ബാദ്ധ്യതയുടെ 50% കേന്ദ്രസാമൂഹിക ക്ഷേമ ബോർഡ് വഹിക്കുമെന്നുള്ള വ്യവസ്ഥയിൻമേലും പെൻഷൻ സാമ്പത്തികാനുകൂല്യങ്ങൾ 01.04.2010 മുതൽ മാത്രമേ ലഭ്യമാകുകയുള്ളൂ എന്ന വ്യവസ്ഥയിൻമേലും (31.03.2013 വരെ സർവ്വീസിൽ പ്രവേശിച്ചവർക്ക്) 01.04.1991 മുതൽ ഒരു പെൻഷൻ പദ്ധതി നടപ്പിലാക്കാൻ സൂചന 1 പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. കേരള സാമൂഹിക ക്ഷേമ ബോർഡിൽ ഒൻപതാം പെൻഷൻ പരിഷ്കരണമാണ് നിലവിലുള്ളത്. സംസ്ഥാനത്തെ വിരമിച്ച ജീവനക്കാരുടെ പത്താം പെൻഷൻ പരിഷ്കരണം സൂചന 2 പ്രകാരം പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിലെ വിരമിച്ച ജീവനക്കാരുടെ പെൻഷനും പരിഷ്കരിക്കണമെന്ന് കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ് സെക്രട്ടറി സൂചന 3 പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പത്താം പെൻഷൻ പരിഷ്കരണം സംസ്ഥാന ജീവനക്കാർക്ക് അനുവദിച്ച സാഹചര്യത്തിൽ കേരള സാമൂഹിക ക്ഷേമ ബോർഡിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് സൂചന (1) ലെ വ്യവസ്ഥകൾക്ക് വിധേയമായി സൂചന (2) ന്റെ ആനുകൂല്യം അനുവദിച്ച് ഉത്തരവാകുന്നു. 01.07.2014 ന് മുമ്പ് വിരമിച്ച പെൻഷൻകാർക്കും കുടുംബ പെൻഷൻകാർക്കും 01.07.2014 മുതൽ 28.02.2018 വരെയുള്ള കുടിശ്ശിക തുകയുടെ സംസ്ഥാന വിഹിതമായ 50% തുകയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

**ഗവർണറുടെ ഉത്തരവിൻ പ്രകാരം,**

**ഡോ.ഷർമിള മേരി ജോസഫ് ഐ.എ.എസ്.**
**എക്സ്പെൻഡിച്ചർ സെക്രട്ടറി(ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ്.എസ്.എ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ), കേരള, തിരുവനന്തപുരം.
എല്ലാ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി/ജോയിന്റ്
സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ.
ഗവർണറുടെ സെക്രട്ടറി.
മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
പ്രതിപക്ഷ നേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ബഹു.സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
ചീഫ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറി.
സെക്രട്ടറി കേരള സാമൂഹിക ക്ഷേമ ബോർഡ്, തിരുവനന്തപുരം
പൊതു ഭരണ (എസ് സി) വകുപ്പ് **(07.03.2018 ലെ 1971 നം. മന്ത്രിസഭാ തീരുമാനം )**
ധനകാര്യ (ഡബ്ല്യു ഡബ്ല്യു-ഡബ്ല്യു ഡബ്ല്യു ) വകുപ്പ് **(ഫയൽ നം. ഡബ്ല്യു ഡബ്ല്യു-ഡബ്ല്യു ഡബ്ല്യു2/234/2017-ധന — ഇ-538559)**
സാമൂഹ്യ നീതി (സി) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

GOVERNMENT OF KERALA

**Abstract**

Revision of Pension and other related benefits to the retired employees of Kerala State Social Welfare Board - Sanctioned - Orders issued.

---

**FINANCE (PENSION - B) DEPARTMENT**

**G.O (P) No. 48 /2018/Fin Dated, Thiruvananthapuram, 23.03.2018**

---

Read :
1. G.O (Ms) No. 16/2014/SJD dated 25.02.2014
2. G.O (P) No. 09/2016/Fin dated 20.01.2016
3. Letter.No.KSWB1/Estt/Pen.Rev./2015-16/691dated 02.02.2016 from the Secretary, Kerala State Social Welfare Board, Thiruvananthapuram.

ORDER

As per the GO read 1st above, sanction was accorded to implement Pension Scheme to the Kerala State Social Welfare Board employees (employees joined upto 31.03.2014) and retired employees with effect from 01.04.1991 with the conditions that all monetary benefits will be extended from 01.04.2010 onwards and Central Social Welfare Board will bear the 50% of financial liability. At Present, 9th pension revision is being implemented in the Board. The Secretary, Kerala State Social Welfare Board vide letter read as 3rd above has requested Government to revise the pension and other related benefits of retired employees of Kerala State Social Welfare Board in accordance with the Government Order read as 2nd above.

2) Government have examined the matter in detail and are pleased to sanction 10th pension revision which has been allowed to state service pensioners,

vide G.O read as 2nd above to the retired employees of Kerala State Social Welfare Board on condition stipulated in the order read 1st above. Pensioners / Family pensioners prior to 01/07/2014 are eligible to draw the state share ie, 50% in terms of pension arrears from 01.07.2014 to 28.02.2018 on account of revision of pension.

**By Order of the Governor**
**DR.SHARMILA MARY JOSEPH IAS**
**Secretary Finance (Expenditure)**

To

The Principal Accountant General (G&SSA/A&E), Kerala, Thiruvananthapuram
The Principal Accountant General (Audit), Kerala, Thiruvananthapuram
The Accountant General (E&RSA), Kerala, Thiruvananthapuram
All Secretaries, Additional Secretaries, Joint Secretaries, Deputy Secretaries and Under Secretaries to Government.
The Secretary to Governor.
The Private Secretaries to Speaker, Deputy Speaker, the Leader of Opposition and Government Chief Whip.
The Private Secretaries to Chief Minister and other Ministers.
The Additional / Deputy Secretary to Chief Secretary.
The Secretary, Kerala State Social Welfare Board, Thiruvananthapuram
The General Administration (SC) Department(Vide cabinet decision in item no. 1971 dated 07.03.2018)
The Finance Department (Vide U.O No.WW-WW2/234/2017-FIN E-538559)
Social Justice (C) Department
The Nodal Officer, www.finance.kerala.gov.in.
Stock File/ Office Copy.

**Forwarded/by Order**

Section Officer

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 07-03-2018**

ഫയൽ നം.പെൻ.പി1(WW-WW2)/234/2017-ധന ഇനം നം: 1971

വിഷയം : ധനകാര്യ വകുപ്പ് - കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ പരിഷ്കരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

പോൾ ആന്റണി
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

8/3/18

12/3/18.

# കേരള സർക്കാർ

## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | പെൻ.ബി 1 (ഡബ്ല്യു.ഡബ്ല്യു - ഡബ്ല്യു.ഡബ്ല്യു2 )/234/2017-ധന |
| 2 | വകുപ്പ് | ധനകാര്യ വകുപ്പ് |
| 3 | വിഷയം | കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ പരിഷ്ക്കരിക്കുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 14/02/2018 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ | അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി അലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.കെ. രാജശ്രീ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീ. മനോജ് ജോഷി |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 24/02/2018 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. പോൾ ആന്റണി |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 26/02/2018 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ഡോ. ടി.എം. തോമസ് ഐസക് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 26/02/2018 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 28/02/2018 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

GOVERNMENT OF KERALA

(Sri. Pinarayi Vijayan Ministry)

Note for the Council of Ministers

| | | |
|---|---|---|
| 1 | File No | Pen B1 (WW-WW2)/234/2017-FIN |
| 2 | Department | Finance Department |
| 3 | Subject | Revision of Pension in respect of employees of Kerala State Social Welfare Board . |
| 4 | Date of Chief Minister's order for placing before the Council | 14/02/18 |
| 5 | i)Does the case involve financial commitments/i മന്ത്രിസഭായോഗംmplications | Yes |
| | ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note. | Yes |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | No |
| 7 | Name of Additional Secretary who submitted the Draft Note | Smt. K.Rajasree |
| 8 | Name of Principal Secretary who approved the Draft Note | Sri. Manoj Joshi |
| 9 | Date of approval of the Draft Note for the Council by the Principal Secretary | 24/2/18 |
| 10 | Name of Chief Secretary who approved the Draft Note | Sri. Paul Antony |
| 11 | Date of approval of the Draft Note for the Council by the Chief Secretary | 26/2/18 |
| 12 | Name of Minister who approved the Draft Note | Dr. Thomas Isaac |
| 13 | Date of approval of the Draft Note for the Council by the Minister | 26/2/18 |
| 14 | Date of submission of fair copies | |
| 15 | Date of decision by the Council of Ministers | |
| 16 | Number and date of the G.O/letter communicating the decision | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1. മന്ത്രിസഭാ യോഗത്തിനുള്ള ഈ കുറിപ്പ് സാമൂഹ്യ നീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിൽ നിന്നും പെൻഷൻ പറ്റി പിരിഞ്ഞ ജീവനക്കാർക്ക് 20.01.2016-ലെ സ.ഉ(പി)നം.9/2016/ധന ഉത്തരവ് പ്രകാരം പത്താം പെൻഷൻ പരിഷ്കരണം നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ളതാണ്.

2. കേരള സാമൂഹിക ക്ഷേമ ബോർഡ് ജീവനക്കാർക്ക് എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടിനു മാത്രം അർഹതയുള്ളതിനാൽ ഇവർക്ക് പെൻഷൻ നല്കുന്നതിനുള്ള സാമ്പത്തിക ബാദ്ധ്യതയുടെ 50% കേന്ദ്രസാമൂഹികക്ഷേമ ബോർഡ് വഹിക്കുമെന്നുള്ള വ്യവസ്ഥയിൻമേലും പെൻഷൻ സാമ്പത്തികാനുകൂല്യങ്ങൾ 01.04.2010 മുതൽ മാത്രമേ ലഭ്യമാകുകയുള്ളു എന്ന വ്യവസ്ഥയിൻമേലും കേരള സാമൂഹിക ക്ഷേമ ബോർഡിലെ (31.03.2013 വരെ സർവ്വീസിൽ പ്രവേശിച്ചവർക്ക്) ജീവനക്കാർക്കും വിരമിച്ച ജീവനക്കാർക്കും 01.04.1991 മുതൽ ഒരു പെൻഷൻ പദ്ധതി മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരത്തോടുകൂടി 25.02.2014 - ലെ സ.ഉ (എം.എസ്) നം.16/2014/ സാ.നീ.വ പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. നിലവിൽ 07.10.2015 ലെ KSWB1/Esst/Pension/2015-16 നം. കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ് ചെയർപേഴ്സണിന്റെ നടപടിക്രമ പ്രകാരം ബോർഡിൽ ഒൻപതാം പെൻഷൻ പരിഷ്കരണമാണ് നിലവിലുള്ളത്. 20.01.2016-ലെ സ.ഉ(പി)നം.9/2016/ധന ഉത്തരവ് പ്രകാരമുള്ള പെൻഷൻ ആനുകൂല്യങ്ങൾ കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിലെ ജീവനക്കാർക്കും മുൻ ജീവനക്കാർക്കും ലഭ്യമാക്കുന്നതിലേയ്ക്കായി ഭരണവകുപ്പ്, കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ് സെക്രട്ടറിയുടെ ആവശ്യത്തിൻമേൽ ശിപാർശ ചെയ്തിരിക്കുന്നു. പെൻഷൻ പരിഷ്കരണം നടപ്പാക്കുന്നതിനായി **പ്രതിമാസം 17,174/- രൂപ അധിക ബാദ്ധ്യത** ഉണ്ടാകുമെന്ന് അറിയിച്ചിട്ടുണ്ട്. ആകെ 14 പേരാണ് ബോർഡിൽ പെൻഷനറായിട്ടുള്ളത് .

3. 01.07.2014 നു മുമ്പ് വിരമിച്ച പെൻഷൻകാർക്കും കുടുംബ പെൻഷൻകാർക്കും 01.07.2014 മുതൽ 28.02.2018 വരെയുള്ള കുടിശ്ശിക തുകയുടെ സംസ്ഥാന വിഹിതമായ 50% തുക രണ്ട് തുല്യ ഗഡുക്കളായി 01.04.2018 , 01.10.2018 എന്നീ തീയതികളിൽ വിതരണം ചെയ്യാവുന്നതാണ് .

4. ബഹു. മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിലെ ജീവനക്കാർക്കും മുൻ ജീവനക്കാർക്കുമുള്ള പെൻഷൻ പദ്ധതിക്ക് അനുമതി നൽകി ഉത്തരവായത്. ആയതിനാൽ കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പത്താം പെൻഷൻ പരിഷ്കരണം നടപ്പിലാക്കുന്നതിന് ബഹു. മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അനുമതി ആവശ്യമാണ്. ഇക്കാര്യം മന്ത്രിസഭാ മുമ്പാകെ സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരം ഉണ്ട്.

## തീരുമാനിക്കേണ്ട വിഷയം

കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ 20.01.2016 ലെ സ.ഉ (പി) നം. 9/2016/ധന എന്ന ഉത്തരവ് പ്രകാരമുള്ള പത്താം പെൻഷൻ പരിഷ്കരണ ഉത്തരവിന്റെ ആനുകൂല്യം 01.07.2014 ന മുമ്പ് വിരമിച്ച പെൻഷൻകാർക്കും കുടുംബ പെൻഷൻകാർക്കും 01.07.2014 മുതൽ 28.02.2018 വരെയുള്ള കുടിശ്ശിക തുകയുടെ സംസ്ഥാന വിഹിതമായ 50% തുകയ്ക്ക് അർഹത ഉണ്ടായിരിക്കും എന്ന വ്യവസ്ഥയ്ക്ക് വിധേയമായി പരിഷ്കരിക്കാമോ ?